# ഇസ്‌ലാം സന്തുലിതമാണ്

**ഇസ്‌ലാം സന്തുലിതമാണ്. കാരണം അത് ദൈവിക മാർഗദർശനമാണ്. വേദഗ്രന്ഥങ്ങളിലൂടെയും പ്രവാചകന്മാരിലൂടെയും അല്ലാഹു നൽകിയ ദീൻ, ഭൂമിയിൽ മനുഷ്യജീവിതം എങ്ങനെയാവണമെന്ന് പഠിപ്പിക്കുന്നു. ജീവിതം എവിടെയെല്ലാം പരന്ന് വിശാലമായികിടക്കുന്നുവോ അവിടെയെല്ലാം ഇസ്‌ലാമിന് നിയമവും വ്യവസ്ഥയും മാർഗനിർദ്ദേശവും ഉണ്ട്. അതുകൊണ്ടാണ് ഇസ്‌ലാം സമഗ്രവും സമ്പൂർണ്ണവുമാണ് എന്ന് പറയുന്നത്. സമ്പൂർണ്ണമായൊരു ജീവിത ക്രമത്തിന്റെ എല്ലാ ഭാഗങ്ങളോടും നീതിപൂർവ്വം വർത്തിക്കുകയാണ് സന്തുലിതത്വം എന്ന പ്രയോഗംകൊണ്ടർത്ഥമാക്കുന്നത്.**

◀ ജീവിതത്തിന്റെ ഒരോവശത്തിനും അല്ലാഹുവും റസൂലും നൽകിയ അളവിൽ സ്ഥാനവും പരിഗണനയും നൽകലാണ് സന്തുലിതത്വം. നമ്മൾ ജീവിക്കുന്ന പ്രപഞ്ചത്തിന്റെ താളക്രമമാണത്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന്റെ നിയമവ്യവസ്ഥ പാലിക്കപ്പെടുന്നതുകൊണ്ടാണ് അത് സംഘർഷങ്ങളില്ലാതെ മുമ്പോട്ട്പോകുന്നത്. ആകാശഭൂമികളിലുള്ളതെല്ലാം സ്വയം സന്നദ്ധമായോ, നിർബന്ധിതമായോ സ്രഷ്ടാവിന് മാത്രമാണ് കീഴ്പ്പെടുന്നതെന്ന് വിശുദ്ധഖുർആൻ (3:83) വിശദീകരിക്കുന്നു. മനുഷ്യർ മാത്രമാണ് ഇതിൽനിന്ന് മാറി സഞ്ചരിക്കുന്നത്. ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയാണ് മനുഷ്യൻ. ഭൂമിയിൽ ദൈവഹിതം നടപ്പിലാക്കലാണ് അവന്റെ ചുമതല.

◀ അല്ലാഹുവെ അനുസരിച്ച് ഈ ചുമതല ഏറ്റെടുക്കാനും ധിക്കാരം കാണിച്ച് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞ് മാറാനും മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത്, ദൈവഹിതത്തിൽ നിന്ന് മാറി സഞ്ചരിക്കുമ്പോഴാണ് ജീവിതത്തിൽ അസന്തുലിതത്വങ്ങൾ ഉണ്ടാവുന്നത്. ദൈവിക താൽപര്യങ്ങൾ വിസ്മരിക്കപ്പെടുകയും തന്നിഷ്ടങ്ങൾ നടപ്പിലാക്കപെടുകയും ചെയ്യുന്ന ഒരു നിമിഷവും മനുഷ്യ ജീവിതത്തിലുണ്ടാവരുതെന്നാണ് അല്ലാഹുവിന്റെ നിശ്ചയം. അത് കൊണ്ടാണ് ആദ്യമനുഷ്യൻ തന്നെ പ്രവാചകനായത്. സംഘർഷങ്ങളില്ലാത്ത ആ പ്രപഞ്ചഘടനയുടെ ഉടമക്ക് മാത്രമെ മനുഷ്യ സമൂഹത്തിന് സന്തുലിത ജീവിതപദ്ധതി നൽകാനാവൂ.

◀ ദൈവേച്ഛയെ പിന്തുടരുന്നതിന് പകരം, ദേഹേച്ഛയുടെ വഴി സ്വീകരിക്കുന്നതാണ് ജീവിതത്തിലെ അസന്തുലിതത്വത്തിന്റെ അടിസ്ഥാനകാരണം. മനുഷ്യന്റെ അറിവുകൾക്കും അനുഭവങ്ങൾക്കും ധാരാളം പരിമിതികളുണ്ട്. അറിവിന്റെ ആറാമത്തെ ഉറവിടമായ വഹ്‌യിനെ (ദിവ്യ വെളിപാട്) അവലംബിച്ചുകൊണ്ടേ, പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികളെ മറികടക്കാനാവൂ. “ഭൂമിയിലുള്ള ഭൂരിപക്ഷം പേരും പറയുന്നത് നീ അനുസരിക്കുകയാണെങ്കിൽ അവർ നിന്നെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തെറ്റിച്ചുകളയും. കേവലം ഊഹങ്ങളെ മാത്രമാണ് അവർ പിൻപറ്റുന്നത്. അവർ അനുമാനങ്ങളിൽ ആടിയുലയുകയാണ്.” (ഖുർആൻ 6:116). ഇക്കാരണത്താലാണ് മനുഷ്യനിർമിത പ്രത്യയശാസ്ത്രങ്ങൾക്ക് കൗമാരത്തിലേ വാർദ്ധക്യം ബാധിച്ചതും ഇസ്‌ലാം കാലാതിവർത്തിയായി നിലകൊള്ളുന്നതും.

ഇസ്‌ലാം സമഗ്രവും സന്തുലിതവുമായ ജീവിത വീക്ഷണം സമർപ്പിക്കുകമാത്രമല്ല, വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങി മനുഷ്യജീവിതത്തിന്റെ സർവതലങ്ങളിലും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. സ്വന്തം നിലക്ക് മനുഷ്യന് കോർത്തിണക്കാൻ കഴിയാത്ത ആശയങ്ങളെ മനോഹരമായി സമ്മേളിപ്പിച്ചു. ദൈവഹിതവും മനുഷ്യ സ്വാതന്ത്ര്യവും അവിടെ സംരക്ഷിക്കപ്പെട്ടു. ഇഹലോകത്തെ പരലോകത്തോട് ചേർത്തുവെച്ച് ഭൂമിയിലെ മനുഷ്യന്റെ അദ്ധ്വാനപരിശ്രമങ്ങൾക്കും ത്യാഗത്തിനും അർഥം നൽകി. സൃഷ്ടി സ്രഷ്ടാവിനുമാത്രമേ വഴിപ്പെടേണ്ടതുള്ളൂവെന്ന നിലപാടുയർത്തി സർവവിധ അടിമത്തങ്ങളിൽനിന്നും മനുഷ്യരെ മോചിപ്പിച്ചു. അങ്ങനെ സമത്വവും സ്വാതന്ത്ര്യവും ഭൂമിയിൽ പുലർന്നു. എങ്ങും സമാധാനം കളിയാടി. "ഇവ്വിധം നിങ്ങളെ നാം ഒരു സന്തുലിത സമുദായമാക്കിയിരിക്കുന്നു നിങ്ങൾ ലോക ജനതക്ക് സാക്ഷികളാവാൻ. പ്രവാചകൻ നിങ്ങൾക്ക് സാക്ഷിയാവാനും." (ഖുർആൻ 2:143)

ഈ ദൈവിക നിയോഗം നിറവേറ്റുന്നതിൽ വിശ്വാസികൾ വീഴ്ച വരുത്തി. അവർ അല്ലാഹുവിന് മത ജീവിതം നൽകി പൊതു ജീവിതം തരംപോലെ പലർക്കും വീതം വെച്ചു! അല്ലാഹുവിന്റെ മുന്നറിയിപ്പിനെ ഗൗനിച്ചതേയില്ല. "സംശയം വേണ്ട; ഇതു തന്നെയാണ് എന്റെ നേർവഴി. അതിനാൽ നിങ്ങളിത് പിന്തുടരുക. മറ്റു മാർഗങ്ങൾ തേടിപ്പോവരുത്. അവയൊക്കെ അല്ലാഹുവിന്റെ വഴിയിൽ നിന്ന് നിങ്ങളെ തെറ്റിച്ചുകളയും. നിങ്ങൾ സൂക്ഷ്മതയുള്ളവരാകാൻ അല്ലാഹു നിങ്ങൾക്ക് നൽകുന്ന ഉപദേശമാണിത്." (ഖുർആൻ 6:153)

പടിഞ്ഞാറിന്റെ ജീവിതവീക്ഷണത്തിന് മുസ്‌ലിംകൾ കീഴൊതുങ്ങുന്നതുവരെ ദീനും ദുനിയാവും (മതവും രാഷ്ട്രവും) വിരുദ്ധ ചേരിയിലായിരുന്നില്ല. മതം മനുഷ്യനും ദൈവവും തമ്മിലുള്ള സ്വകാര്യ ഇടപാടായി പരിമിതപ്പെട്ടിട്ടുണ്ടായിരുന്നില്ല. മുസ്‌ലിംകൾ ഇസ്‌ലാമിന്റെ സമഗ്രഭാവത്തിൽ നിന്നകന്നപ്പോഴാണ് അസന്തുലിതത്വത്തിന്റെ വേട്ടയാടലുകൾക്ക് അവർ വിധേയരായത്. ഇമാം ഗസ്സാലി ഇഹ്‌യാഉലൂമിദ്ദീനിൽ വിശേഷിപ്പിച്ചതുപോലെ 'മതവും രാഷ്ട്രവും ഇരട്ടപെറ്റ സന്തതികളാവുകയും ദീൻ എല്ലാത്തിന്റെയും അടിസ്ഥാനവും ഭരണകൂടം കാവൽക്കാരു' മായിരുന്ന കാലത്ത് ജീവിതത്തോളം വിശാലമായ ഇസ്‌ലാമിക അജണ്ടയുള്ളവരായിരുന്നു മുസ്‌ലിംകൾ.

യൂറോപ്പിന്റെ മതവിഭാവനയിൽ വളരെ പരിമിതമായ അജണ്ടകൾക്കേ ഇടമുള്ളൂ. ഈ പരിമിത അജണ്ടയിലേക്ക് ചുരുങ്ങിയപ്പോൾ അരാഷ്ട്രീയമായ കേവല മതം ബാക്കിയായി. അങ്ങനെ ആചാരപ്രധാനമായ ഉള്ളടക്കങ്ങളിലും അനുഷ്ഠാനങ്ങളുടെ വിശദാംശങ്ങളിലും പരസ്പരം കലഹിക്കലാണ് ഇസ്‌ലാമിക പ്രവർത്തനമെന്ന് പണ്ഡിതൻമാർപോലും ധരിച്ചുവശായി.! മനുഷ്യജീവിതം ദുരിതപൂർണമാക്കുകയും ആവാസ വ്യവസ്ഥകളെ താളം തെറ്റിക്കുകയും ചെയ്യുന്ന എല്ലാവിധ ഇരുട്ടിന്റെ ശക്തികളോടും കലഹിക്കേണ്ടവർ ശത്രുവിനെ തിരിച്ചറിയാതെ പരസ്പരം പോരടിക്കുന്നത് നിത്യകാഴ്ചയായി.

അടിസ്ഥാനങ്ങളിൽ യോജിക്കുകയും വീക്ഷണ വ്യത്യാസത്തിനിടയുള്ള വിശദാംശങ്ങളിൽ വിയോജിക്കുകയും ചെയ്യാവുന്ന ദീനിന്റെ വിശാലത അന്യമായി. ആദർശ വ്യതിചലനത്തെ സമീപിച്ച അതേ ഭാഷയിലും ശൈലിയിലും അനുഷ്ഠാന രംഗത്തെ വൈവിധ്യങ്ങളെയും കൈകാര്യം ചെയ്തു. ബിദ്അത്തുകൾക്കെതിരിലുള്ള വിമർശനങ്ങളുടെ മലവെള്ളപ്പാച്ചിലിൽ സുന്നത്തുകളും ഒഴുകിപ്പോയി.

ഇസ്‌ലാമിന്റെ സമീപനം സൗമ്യമാണ്; മാനുഷികവും. "ദീനിൽ ഒരു വിഷമവും അവൻ നിങ്ങൾക്കുണ്ടാക്കിവെച്ചിട്ടില്ല." എന്ന് ഖുർആൻ (22: 78) പ്രഖ്യാപിക്കുന്നുണ്ട്. ഇതേ ആശയം വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ കാണാം. പ്രവാചകൻ(സ) യുടെ ചര്യയിൽ ലാളിത്യം, മൃദുലത, അനുകമ്പ, ദയ, സ്നേഹം തുടങ്ങിയ ഗുണങ്ങളാണ് മികച്ചു നിൽക്കുന്നത്. ദീനീ പ്രമാണങ്ങളെ അക്ഷരവായന നടത്തുന്നവർ മേൽ പറഞ്ഞ നിലപാടുകളിൽ നിന്നും വ്യതിചലിക്കുന്നുവെന്ന് പറയാതെ വയ്യ. സ്ഥലം, കാലം, സന്ദർഭം എന്നിവ തീരേ പരിഗണിക്കാതെ പ്രമാണങ്ങളെ സമീപിച്ച് സാമൂഹ്യ പ്രശ്നങ്ങളിൽ നിലപാടുകളാവിഷ്ക്കരിക്കുമ്പോൾ കാര്യങ്ങൾ സങ്കീർണമാക്കുകയാണു ചെയ്യുന്നത്. വിഷയങ്ങൾ സങ്കീർണമാക്കലല്ല; സങ്കീർണതകളുടെ കുരുക്കഴിക്കലാണ് പണ്ഡിത ധർമമെന്നവർ വിസ്മരിക്കുന്നു. പൗരോഹിത്യം നിർമിച്ചുവെച്ച സമസ്യകളുടെ കുരുക്കഴിക്കലും പ്രവാചക ദൗത്യത്തിന്റെ ഭാഗമായി ഖുർആൻ എടുത്തു പറയുന്നുണ്ട്. "......അവരെ ഞെരിച്ചുകൊണ്ടിരിക്കുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ കുരുക്കിയിട്ട വിലങ്ങുകൾ അഴിച്ചുമാറ്റുന്നു." (ഖുർആൻ 7:157)

പ്രമാണങ്ങളെ സമീപിക്കുമ്പോഴും അവയിൽ നിന്നും വിധികൾ നിർധാരണം ചെയ്തെടുക്കുമ്പോഴും സന്തുലിതത്വം കൈവിട്ടുപോയാൽ അത്തരം വിധികൾ പാലിക്കുക അസാധ്യമായിത്തീരും. ആത്മാർഥതയിൽ നിന്നാണ് തീവ്രത ഉത്ഭവിച്ചത് എന്നത്കൊണ്ട് മാത്രം തീവ്രത അതിന്റെ തനിനിറം കാണിക്കാതിരിക്കില്ല.. ".....എന്നാൽ അവർ സ്വയം സന്യാസം കെട്ടിച്ചമച്ചു. നാം അവർക്കത് നിയമമാക്കിയിരുന്നില്ല. ദൈവപ്രീതി പ്രതീക്ഷിച്ച് അവർ പുതുതായി ഉണ്ടാക്കിയതാണത്. എന്നിട്ടോ അവരത് യഥാവിധി പാലിച്ചതുമില്ല." (ഖുർആൻ 57:27) എന്ന ഖുർആനിന്റെ വിമർശം ഇവിടെ സ്മരണീയമാണ്. ഇങ്ങനെ പ്രായോഗികമല്ലാത്ത മതവിധികൾ അസന്തുലിത മത വീക്ഷണത്തിന്റെ സൃഷ്ടിയാണ്. കാണുന്നതും കേൾക്കുന്നതും, സംഭവിക്കുന്നതുമെല്ലാം നിഷിദ്ധങ്ങൾ മാത്രം എന്ന നിലപാടിലെത്തിച്ചേർന്നാൽ ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ലാതെ പ്രതിവിധിയൊന്നുമില്ല! സാമൂഹ്യ ബാധ്യതകളുടെ നിർവഹ

ണത്തിൽ നിന്നുള്ള ഈ ഒളിച്ചോട്ടമാണ് ഹിജ്റയെന്നു കരുതുകകൂടി ചെയ്താൽ അക്ഷരവായന പൂർത്തിയായി.!

താളം തെറ്റുന്ന ആത്മീയതയാണ് അസന്തുലിത മതവീക്ഷണ മുണ്ടാക്കുന്ന മറ്റൊരു ഭവിഷ്യത്ത്. അനുഷ്ഠാനങ്ങളിലെ തീവ്രതയാണ് അതിന്റെ ലക്ഷണം. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ വിശ്വാസികൾ നടത്തുന്ന പ്രമാണബദ്ധമായ അദ്ധ്വാന പരിശ്രമങ്ങളല്ല അനുഷ്ഠാനങ്ങളിലെ തീവ്രത കൊണ്ടുദ്ദേശിക്കുന്നത്. അല്ലാഹുവും പ്രവാചകനും നിർദ്ദേശിച്ച കാര്യങ്ങൾ അവർ നിർണയിച്ച രീതിയിൽ നിർവഹിക്കുകയാണ് വേണ്ടത്. വിശ്വാസിക്ക് അല്ലാഹുവിനോട് കടപ്പാടുണ്ട്. അതിന്റെ അനിവാര്യ താൽപര്യമെന്നോണം സമസൃഷ്ടികളോടും. ഇത് സാധ്യമാവുന്നില്ലെങ്കിൽ അത്തരക്കാരുടെ നമസ്കാരം പോലും നാശകാരണം എന്നു ഖുർആൻ വിളംബരം ചെയ്യുന്നുണ്ട്. (ഖുർആൻ 107: 4-7) എല്ലാ ബാധ്യതകളും മനസ്സിലാക്കി സന്തുലിതമായി ജീവിതത്തെ സമീപിക്കലാണ് ശരിയായ മതനിഷ്ഠ.

അസന്തുലിത മതവീക്ഷണവും പ്രമാണങ്ങളുടെ അക്ഷരവായനാശീലവും തീവ്രതയും ഭീകരതയും വളരാനുതകുന്ന വളക്കൂറുള്ള മണ്ണൊരുക്കുമെന്ന് സമീപകാല സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. കോളനി വിരുദ്ധ സമരകാലത്ത് ഇസ്‌ലാമിലെ ജിഹാദിനെ വികൃതമാക്കാൻ സാമ്രാജ്യത്വ ശക്തികൾ ഖാദിയാനി 'പ്രവാചക'നെ നിയോഗിച്ചപോലെ ഇസ്‌ലാമിക രാഷ്ട്ര സങ്കൽപത്തെ ചിത്രവധം നടത്താൻ നവസാമ്രാജ്യത്വം ഇറാഖിൽ 'ഖലീഫ'യെ ഇറക്കിയിരിക്കുകയാണ്. ഐ.എസ്. ഇസ്‌ലാമിന്റെ പദാവലികൾ എടുത്തണിഞ്ഞത് ബോധപൂർവമാണ്. ഇത് നേരത്തെ തിരിച്ചറിഞ്ഞ ജമാഅത്തെ ഇസ്‌ലാമി 'ഐ.എസ്. ഇസ്‌ലാമല്ല' എന്ന ശീർഷകത്തിൽ 2015 സെപ്തംബർ മാസത്തിൽ കാമ്പയിൻ നടത്തിയിരുന്നു. ഇന്ത്യയിൽ ഐ.എസിന്റെ അലയൊലികൾ ഉണ്ടാക്കിയെടുക്കേണ്ടത് സാമ്രാജ്യത്വത്തിന്റെ കുഴലൂത്തുകാരായ ഫാസിസ്റ്റുകളുടെ അഭിലാഷമാണ്. ഇത്തരം അടിയൊഴുക്കുകളും ഒളി അജണ്ടകളും തിരിച്ചറിയാതെ മതസംഘടനകൾ നടത്തുന്ന ഐ.എസ്. വിരുദ്ധ വാദ വിവാദങ്ങൾ ആർക്കാണ് ഗുണം ചെയ്യുകയെന്ന് സമുദായത്തിലെ വിവേകശാലികളെങ്കിലും തിരിച്ചറിയണം.

സന്തുലിത ദീനീ വീക്ഷണം കൈവിട്ടതിന്റെ മറ്റൊരു പ്രത്യാഘാതം ആത്മീയ വ്യതിചലനങ്ങളാണ്. വിശ്വാസികൾ മതപൗരോഹിത്യത്തിന്റെ ചൂഷണങ്ങൾക്കിരയാവുകയാണ് ഇതുവഴി സംഭവിക്കുന്നത്. ഇസ്‌ലാമിൽ ആത്മീയതയുണ്ട്. മനുഷ്യനും അല്ലാഹുവും തമ്മിലുള്ള അഗാധമായ സ്നേഹവികാരപ്രകടനങ്ങൾക്ക് ഊന്നൽ നൽകുന്ന ആത്മീയത. വിശ്വാസിക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ വേറൊരു മധ്യസ്ഥനേയും ആവശ്യമില്ലാത്ത ആത്മീയത. അതിൽ നിർബന്ധ ബാധ്യതകളും ഐഛിക കർമങ്ങളുമുണ്ട്. സംഘടിതമായി നിർഹിക്കേണ്ടതും വ്യക്തിതലത്തിൽ നിലനിർത്തേണ്ടതുമുണ്ട്.

ദിക്റുകളും ദുആകളും അതിന്റെ മാധ്യമങ്ങളാണ്. വ്യക്തി നിഷ്ഠമായി മനസ്സറിഞ്ഞ് നിർവഹിക്കേണ്ട ഇബാദത്തുകൾ സംഘം ചേരലും ബഹളമുണ്ടാക്കലുമായി പരിണമിച്ചത് ചിലരുടെ സാമ്പത്തിക താൽപര്യങ്ങൾ പ്രവർത്തിച്ചപ്പോഴാണ്. ഇതു തിരിച്ചറിയാൻ വിശ്വാസികൾക്കാവണം. പ്രകടന പരതക്ക് മേൽകൈ വന്ന ആത്മീയ വിപണന മേളകൾ ദിക്ർ ദുആകളുടെ ചൈതന്യം ചോർത്തിക്കളയും. അല്ലാഹു പറയുന്നത് കാണുക: "നീ നിന്റെ നാഥനെ രാവിലെയും വൈകുന്നേരവും മനസ്സിൽ സ്മരിക്കുക. അത് വിനയത്തോടെയും ഭയത്തോടെയും ആവണം. വാക്കുകൾ ഉറക്കെയാവാതെയും. നീ അതിൽ അശ്രദ്ധ കാണിക്കുന്നവനാകരുത്." (ഖുർആൻ 7:205)

സമഗ്രവും സന്തുലിതവുമായ ജീവിത വീക്ഷണം മുഴു ജീവിതത്തിന്നും സന്തുലിതത്വം പകർന്നു തരുന്നു. എല്ലാവിധ വ്യതിചലനങ്ങളിൽനിന്നും മനുഷ്യൻ മുക്തനാവുമ്പോൾ അതുവഴി വന്ന് ചേരാവുന്ന പ്രശ്നങ്ങളിൽനിന്നും സുരക്ഷിതരാവുന്നു. ഇഹലോക ജീവിതത്തിൽ സമാധാനവും സംതൃപ്തിയും കൈവരുന്നു. മരണാനന്തര ജീവിതത്തിൽ അല്ലാഹുവിന്റെ പ്രീതിയും സ്വർഗവും നേടാനാവുന്നു.

ഇസ്‌ലാമിനെ സമഗ്രതയോടെയും സന്തുലിതത്വത്തോടെയും ഉൾക്കൊള്ളുകയും പ്രയോഗവൽക്കരിക്കാൻ പരിശ്രമിക്കുകയുമാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ജീവിതത്തോളം വിശാലമായതും, ചരിത്രത്തിൽ പ്രവാചകൻമാർ നിർവഹിച്ചതു
മായ ദൗത്യമാണിത്. ഈ ദൗത്യ നിർവഹണത്തിന് ഗതിവേഗം വർദ്ധിപ്പിക്കുകയാണ് ജില്ലാ സമ്മേളനങ്ങളിലൂടെ ഉന്നം വെക്കുന്നത്. ബഹുമുഖങ്ങളായ ഈ ദൗത്യനിർവഹണത്തിൽ സമുദായം മാത്രമല്ല; മുഴുവൻ മനുഷ്യരും പങ്കാളികളാവേണ്ടതുണ്ട്. അതിനു നാം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. താങ്കൾകൂടി ഞങ്ങളോടൊപ്പമുണ്ടായാൽ ഈ യാത്ര കുറേകൂടി ഫലപ്രദമാകുമെന്ന് ഞങ്ങൾ കരുതുന്നു.

**താങ്കളുടെ പിന്തുണയും സഹകരണവും പ്രതീക്ഷിക്കുന്നു.**

ഇസ്‌ലാം സന്തുലിതമാണ്
**ജമാഅത്തെ ഇസ്‌ലാമി ജില്ലാ സമ്മേളനം**
2017 ജനുവരി-ഫെബ്രുവരി